**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 807** **28-01-2026 - ൽ മറുപടിയ്ക്ക്**

**ശബരിമല വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ശബരിമല തീർത്ഥാടകർക്ക് സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇടത്താവളങ്ങൾ, ശബരിമല മാസ്റ്റർ പ്ലാൻ-ലേ ഔട്ട് പ്ലാൻ എന്നിവ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ഇതിനോടകം എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | ശബരിമല തീർത്ഥാടനത്തിനെത്തിച്ചേരുന്ന തീർത്ഥാടകർക്ക് സംതൃപ്തമായ തീർത്ഥാടന അനുഭവം നൽകുന്നതിനാവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യ വികസനം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 03/05/2007-ലെ ജി.ഒ.(എം.എസ്) 146/2007/RD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ശബരിമല മാസ്റ്റർപ്ലാനിന് അംഗീകാരം നൽകി. സന്നിധാനം, പമ്പ, ട്രക്ക് റൂട്ട്, നിലയ്ക്കൽ എന്നിവയുടെ സമഗ്ര വികസനമാണ് 2050 വരെയുള്ള വികസന പദ്ധതികൾ മുൻകൂട്ടി കണ്ടുകൊണ്ട് തയ്യാറാക്കിയ ശബരിമല മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നത്. ശബരിമല മാസ്റ്റർപ്ലാൻ പ്രവർത്തികൾ ആരംഭിച്ച 2011-2012 മുതൽ നാളിതുവരെ 151 കോടിയോളം രൂപ വിവിധ വികസന പദ്ധതികൾക്കായി സംസ്ഥാന ബജറ്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. അനുവദിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു.<br><br>കൂടാതെ ബജറ്റിന് ഉപരിയായി ശബരിമല തീർത്ഥാടകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേക്കായി കഴക്കൂട്ടം, ചെങ്ങന്നൂർ, ചിറങ്ങര, എരുമേലി, നിലക്കൽ, മണിയങ്കോട് എന്നിവിടങ്ങളിൽ കിഫ്ബി (KIIFB) സഹായത്തോടെ 116.41 കോടി രൂപ ചിലവഴിച്ച് ഇടത്താവളങ്ങളുടെ നിർമാണം നടന്നുവരുന്നു. ആയതിൽ നിലയ്ക്കലിലുള്ള ഏഴ് വിരി കെട്ടിടങ്ങളിൽ മൂന്ന് വിരി കെട്ടിടങ്ങൾ 2024-25 ശബരിമല സീസണിനോടനുബന്ധിച്ച് തീർത്ഥാടകർക്കായി തുറന്ന് നൽകിയിരുന്നു. കൂടാതെ കഴക്കൂട്ടം, മണിയങ്കോട് ഇടത്താവളങ്ങളുടെയും നിലയ്ക്കലിലുള്ള മറ്റ് രണ്ട് വിരികളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എരുമേലി ഇടത്താവളത്തിന്റെ നിർമ്മാണം 98 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മറ്റുള്ള സ്ഥലങ്ങളിലെ നിർമ്മാണവും പുരോഗമിച്ച് വരുന്നു. |
| (ബി) | മാസ്റ്റർ പ്ലാൻ പ്രകാരം എന്തെല്ലാം വികസന പ്രവർത്തനങ്ങൾ ആണ് സന്നിധാനത്തും സമീപപ്രദേശങ്ങളിലുമായി ചെയ്തു തീർക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എത്ര കോടി രൂപ സർക്കാർ ചെലവഴിക്കേണ്ടി വരും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ? | (ബി) | ശബരിമലയുടെ ബേസ് ക്യാമ്പായ നിലയ്ക്കലിന്റെ ലേ ഔട്ട് പ്ലാനിന് 2020-ൽ തന്നെ സർക്കാർ അംഗീകാരം നൽകിയിരുന്നു. ശബരിമല മാസ്റ്റർപ്ലാൻ ഹൈപ്പവർ കമ്മിറ്റിയുടെ പ്രവർത്തനത്തിലെ മന്ദത കാരണം ഫണ്ട് യഥാസമയം ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യം മുൻപ് ഉണ്ടായിരുന്നു. എന്നാൽ ഈ സർക്കാരിന്റെ നിരന്തരമായ ഇടപെടൽ മൂലം ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തികൾ എല്ലാം തന്നെ വേഗത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ ഭാഗമായി സന്നിധാനത്തിന്റെയും പമ്പ & ട്രെക്ക് റൂട്ടിന്റെയും ലേ ഔട്ട് പ്ലാനുകൾക്ക് സർക്കാർ 09.01.2025 തീയതിയിൽ അംഗീകാരം നൽകിയിട്ടുണ്ട്.<br><br>ശബരിമല സന്നിധാനത്തിന്റെ വികസനത്തിനായി 2022-2027 വരെയുള്ള ആദ്യ ഘട്ടത്തിന് 600.47 കോടി രൂപയും 2028-2033 വരെയുള്ള രണ്ടാം ഘട്ടത്തിന് 100.02 കോടി രൂപയും 2034-2039 വരെയുള്ള മൂന്നാം ഘട്ടത്തിന് 77.68 കോടി രൂപയും ഉൾപ്പെടെ ആകെ 778.17 കോടി രൂപയാണ് ശബരിമല സന്നിധാനത്തിന്റെ വികസനത്തിനായി ലേ ഔട്ട് പ്ലാൻ പ്രകാരം ചെലവ് കണക്കാക്കിയിരിക്കുന്നത്.<br><br>ലേ ഔട്ട് പ്ലാൻ പ്രകാരം പമ്പയുടെ വികസനത്തിനായി 2022-2027 വരെയുള്ള ആദ്യ ഘട്ടത്തിന് 184.75 കോടി രൂപയും 2028-2033 വരെയുള്ള രണ്ടാം ഘട്ടത്തിന് 22.73 കോടി രൂപയും ഉൾപ്പെടെ ആകെ 207.48 കോടി രൂപയും ട്രെക്ക് റൂട്ടിന്റെ വികസനത്തിനായി 2022-2025 വരെയുള്ള ആദ്യ ഘട്ടത്തിന് 32.88 കോടി രൂപയും 2024-2026 വരെയുള്ള രണ്ടാം ഘട്ടത്തിന് 15.09 കോടി രൂപയും ഉൾപ്പെടെ ആകെ 47.97 കോടി രൂപയും ആണ് ചെലവ് കണക്കാക്കിയിരിക്കുന്നത്.<br><br>സന്നിധാനം, പമ്പ, ട്രെക്ക് റൂട്ട് എന്നിവയുടെ വികസനത്തിനായി ലേ ഔട്ട് പ്ലാനുകൾ പ്രകാരം ആകെ ചെലവ് കണക്കാക്കിയിരിക്കുന്നത് 1033.62 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ

**Annexure - 1**

# Fund Allotted to Sabarimala Masterplan

| Financial Year | Govt. order | Budget Provision Rs. | Amount Released Rs. |
|---|---|---|---|
| **2011-12** | G.O.(Rt)No.731/ 2012/RD dated 13/02/2012 | 15 Crore | **15 Crore** |
| **2012-13** | G.O.(Rt)No.1652/ 2013/RD dated 22/03/2013 | 25 Crore | **25 Crore** |
| **2013-14** | G.O.(Rt)No.1685/ 2014/RD dated 31/03/2014 | 25 Crore | **12.5 Crore** |
| **2014-15** | G.O.(Rt)No.1713/ 2015/RD dated 28/03/2015 | 25 Crore | **12.82 Crore** |
| **2015-16** | G.O.(Rt)No.3767/ 2015/RD dated 20/07/2015 | 25 Crore | **Not released** |
| **2016-17** | G.O.(Rt)No.4536/ 2016/RD dated 28/10/2016 | 25 Crore | **12,18,00,000** |
| **2017-18** | G.O. (Rt)No.2554/ 2017/RD dated 05/06/2017 | 25 Crore | **10 Crore** |
| | G.O. (Rt)No.4559/ 2017/RD dated 30/10/2017 | | **15 Crore** |
| **2018-19** | G.O.(Rt)No.4444/ 2018/RD dated 24/10/2018 | 25 Crore | **22,44,37,380** |
| **2019-20** | - | 28 Crore | **Not released** |
| **2020-21** | G.O.(Rt)No.945/2021/RD dated 20/02/2021 | 29 Crore | **3,11,67,719/-** |
| **2021-22** | G.O.(Rt)No.4658/ 2021/RD dated 21/12/2021 | 28 Crore | **5 Crore** |
| **2022-23** | G.O.(Rt)No.2380/ 2022/RD dated 27/05/2022 | 30 Crore | **4 Crore** |
| | G.O(Rt) No.4499/2022/RD dated 05/11/2022 | | **30 Lakhs** |
| | G.O(Rt) No.324/2023/RD dated 20/01/2023 | | **3,10,07,852** |
| | G.O.(Rt) No.1194/2023/RD dated 16/03/2023 | | **50 Lakhs** |

| | | | |
|---|---|---|---|
| **2023-24** | G.O.(Rt) No.2267/2023/RD dated 15/06/2023<br>G.O.(Rt) No.78/2024/RD dated 05/01/2024 | 30 Crore | **40 Lakhs** |
| **2024-25** | GO(Rt) No. 1243/2024/RD dated 31/05/2024<br><br>GO(Rt) No. 1256/2024/RD dated 03/06/2024<br><br>GO(Rt) No. 1259/2024/RD dated 03/06/2024<br><br>GO(Rt) No. 1260/2024/RD dated 04/06/2024<br><br>GO(Rt) No. 1408/2024/RD dated 17/06/2024<br><br>GO(Rt) No. 1890/2024/RD dated 12/08/2024<br><br>GO(Rt) No. 2349/2024/RD dated 30/09/2024<br><br>G.O.(Rt) No. 94/2025/RD dated 12/01/2025<br><br>G.O.(Rt) No. 269/2025/RD dated 30/01/2025 | 27.6 Crore | **7,39,11,837** |

| | | | |
|---|---|---|---|
| **2025-26** | G.O.(Rt) No. 1180/2025/RD dated 18/05/2025<br><br>G.O.(Rt) No. 1180/2025/RD dated 24/05/2025<br><br>G.O.(Rt) No. 1619/2025/RD dated 05/07/2025<br><br>G.O.(Rt) No. 1632/2025/RD dated 08/07/2025<br><br>G.O.(Rt) No. 2121/2025/RD dated 11/09/2025<br><br>G.O.(Rt) No. 2718/2025/RD dated 21/11/2025 | 27.6 Crore | **2,05,85,897/-** |
| | **Total** | | **150,61,10,685/-** |